# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.108      10.08.2017 ൽ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി,<br>'' കെ.ബാബു,<br>'' ഐ.ബി.സതീഷ്,<br>'' യു.ആർ.പ്രദീപ്. | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഒന്നു മുതൽ 12 വരെ ക്ലാസ്സുകളിലെ ഹിയറിംഗ് ഇമ്പയേർഡ്, വിഷലി ഇമ്പയേർഡ്, മെന്റലി റിട്ടാർഡഡ്, ഓർത്തോപീഡിക്കലി ഹാന്റിക്യാപ്ഡ്, ഓട്ടിസം എന്നീ വിഭാഗം കുട്ടികൾക്ക് വൈകല്യത്തിന്റെ സ്വഭാവമനുസരിച്ച് 8-ാം ക്ലാസ്സുവരെ പരമാവധി 3,350/-രൂപയും കുറഞ്ഞത് 1,850/-രൂപയും വർഷത്തിൽ നൽകി വരുന്നു. 9 മുതൽ 12-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതിയുടെ ഭാഗമായും സാമ്പത്തിക സഹായം നൽകി വരുന്നു. റിസോഴ്സ് അദ്ധ്യാപകരുടെയും അറ്റൻഡന്റുമാരുടെയും സേവനവും നൽകി വരുന്നുണ്ട്. 208 ഹൈസ്കൂളുകളിൽ റിസോഴ്സ് റൂമുകളും തെറാപ്യൂട്ടിക് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ പഠനോപകരണങ്ങളും സഹായോപകരണങ്ങളും നൽകി വരുന്നുണ്ട്. സ്കൂളുകളിൽ റാംപുകളുടെയും ഹാൻഡ് റെയിലുകളുടെയും നിർമ്മാണം, ശുചിമുറികളുടെ നിർമ്മാണം എന്നിവയും നടപ്പാക്കി വരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുന്നതിന് വർഷം തോറും വൈദ്യപരിശോധനാക്യാമ്പുകളും നടത്തി വരുന്നുണ്ട്.<br>സംസ്ഥാനത്ത് അന്ധ/ബധിര വിദ്യാർത്ഥികൾക്കായി സർക്കാർ/എയ്ഡഡ് മേഖലകളിലായി ആകെ 43 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ടി വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഭക്ഷണം, താമസം, വസ്ത്രം |

| | | | |
|---|---|---|---|
| | | | പഠനോപകരണങ്ങൾ തുടങ്ങി എല്ലാ ആനുകൂല്യങ്ങളും സൗജന്യമായി നൽകി വരുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് Act/Rules പ്രകാരം രജിസ്ട്രേഷൻ ലഭിച്ച 300-സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്കൂളുകൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും സാമ്പത്തിക സഹായവും നൽകി വരുന്നു.<br>കൂടാതെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, പുനരധിവാസ മാർഗ്ഗനിർദ്ദേശ സേവനങ്ങൾ എന്നിവയ്ക്കായി പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്വയംഭരണ സ്ഥാപനവും പ്രവർത്തിച്ചു വരുന്നു. മാനസിക വളർച്ചയില്ലായ്മ, ബുദ്ധിപരമായ വെല്ലുവിളി എന്നീ മേഖലയിലെ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക, ഈ രംഗത്തെ എല്ലാ സവിശേഷ വിദ്യാലയങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ ഒരു നോഡൽ അപ്പക്സ് സ്ഥാപനമായി ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇവർക്കായി പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രത്യേക പാഠപുസ്തകം എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത വിഭാഗം സ്കൂളിലെ അദ്ധ്യാപകർക്കായി പ്രത്യേക പരിശീലനവും എസ്.സി.ഇ.ആർ.ടി നൽകി വരുന്നു. കൂടാതെ ശ്രവണപരമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ഒന്നാം ക്ലാസ് മുതൽ നാലാം വരെ ക്ലാസുകളിലേയ്ക്ക് പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | ഇത്തരം വിദ്യാർത്ഥികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കാമോ ; | (സി) | സർക്കാർ/എയ്ഡഡ് അന്ധ-ബധിര വിദ്യാലയങ്ങളിലെ ആവശ്യത്തിന് കംപ്യൂട്ടറുകളും, ഐടി പഠനത്തിന് സംവിധാനങ്ങളും അദ്ധ്യാപകരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വിദ്യാലയങ്ങളിലും ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്. ഈ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കൂടുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | | | കാഴ്ചപരമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി എസ്.സി.ഇ.ആർ.ടി, കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടുകൂടി വികസിപ്പിച്ച 'ശാരദ ബ്രെയിൽ റൈറ്റർ' എന്ന കമ്പ്യൂട്ടർ പ്രോഗ്രാമിന്റെ സംസ്ഥാനതല അദ്ധ്യാപക ശാക്തീകരണത്തിനുള്ള മൊഡ്യൂൾ തയ്യാറാക്കുകയും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഇവരുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നുണ്ടോ ; വിശദമാക്കാമോ ? | (ഡി) | പൊതുവിദ്യാലയങ്ങളിലേയും സ്പെഷ്യൽ സ്കൂളുകളിലേയും അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി അദ്ധ്യാപക പരിശീലനത്തിനുവേണ്ട മൊഡ്യൂൾ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. ജില്ലാ തലത്തിലുള്ള അദ്ധ്യാപക പരിശീലനം SIMC (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചാലഞ്ച്ഡ്) യുടെ നേതൃത്വത്തിൽ സാമൂഹ്യനീതി വകുപ്പ്, കുടുംബശ്രീ-ബഡ്സ് സ്കൂൾ എസ്.ഐ.എം.സി എന്നിവരുടെ സാമ്പത്തിക സഹായത്തോടെ എല്ലാ ജില്ലകളിലുമായി നടന്നുവരുന്നു. ഇതുവരെ 40 ബാച്ചുകൾക്ക് പരിശീലനം നൽകി. |

സെക്ഷൻ ഓഫീസർ